(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) വകപ്പ് 'സമന്വയം' എന്ന പത്രം വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ 'വികസന സമന്വയം' എന്ന പേരിൽ ടാബ്ലോയിഡ് പത്രം അച്ചടിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനാണ് ടാബ്ലോയിഡ് പത്രം പുറത്തിറക്കുന്നത്.

(സി) പരീക്ഷണാർത്ഥം പത്രം അച്ചടിച്ച് വിതരണം ചെയ്യുടങ്ങിയിട്ടുണ്ട്. 2015 ഫെബ്രുവരിയിലാണ് പത്രം ആരംഭിച്ചിട്ടുള്ളത്. വകപ്പിന്റെ മീഡിയാ ലിസ്റ്റിൽ C, D കാറ്റഗറിയിൽപ്പെട്ട പത്രസ്ഥാപനങ്ങളിൽനിന്നും പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും യോജിച്ച നിരക്കും വിതരണ സംവിധാനവുമുള്ള മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയെ പരീക്ഷണാർത്ഥം ചുമതലയേൽപ്പിക്കുകയും ചെയ്തു. ഒരു വർഷം പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ഏപ്രിലിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും പാനൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാതൃഭൂമിയും മലയാള മനോരമയുമാണ് പാനലിൽ ഇടം നേടിയിട്ടുള്ളത്. ഇവരെ ചുമതലയേൽപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പത്ര പ്രവർത്തകർക്കുള്ള പെൻഷൻ

45 (T*.5392) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പത്ര പ്രവർത്തകർക്ക് ഏതു തരത്തിലുള്ള പെൻഷനാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; ജേർണലിസ്റ്റ്, നോൺ ജേർണലിസ്റ്റ് എന്നീ വിഭാഗങ്ങൾക്ക് എത്രവീതം പെൻഷനാണ് അനുവദിച്ചിരുന്നത് ;

(ബി) ഏതൊക്കെ പത്രങ്ങളിലെ ജീവനക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ മാനദണ്ഡം എന്താണ് ;

(സി) ഇപ്രകാരം സർക്കാർ പെൻഷൻ നൽകുന്നതിൽ പത്ര സ്ഥാപനമുടമകൾ അവരുടെ വിഹിതം അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇപ്രകാരം സർക്കാർ എത്ര രൂപ ചെലവഴിച്ചു ; അതിനനുസരിച്ചുള്ള വിഹിതം പത്രമുടമകളിൽ നിന്നും ഈടാക്കിയോ ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ക്ഷേമ പെൻഷനാണ് നിലവിൽ പത്ര പ്രവർത്തകർക്ക് നൽകിവരുന്നത്. പ്രതിമാസ പെൻഷൻ നിരക്ക് ചുവടെ ചേർക്കുന്നു :

പത്ര പ്രവർത്തക പെൻഷൻ	-	8,000
പത്ര പ്രവർത്തക ആശ്രിത പെൻഷൻ	-	2,250
50% പത്ര പ്രവർത്തക പെൻഷൻ	-	4,000
പത്രപ്രവർത്തകേതര പെൻഷൻ	-	4,000
പത്ര പ്രവർത്തകേതര ആശ്രിത പെൻഷൻ	-	1,250

(ബി) 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 60 വയസ്സ് പൂർത്തിയാകാതിരിക്കുകയും ഒരു പത്രപ്രവർത്തകനായി വേജ് ബോർഡിന്റെ പരിധിയിൽ വരുന്ന പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുകയും തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ കുറഞ്ഞത് 10 വർഷക്കാലത്തെ സേവനത്തിന് ശേഷം ജോലിയിൽനിന്ന് വിരമിക്കുകയും ഈ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും കൃത്യമായും അംശദായം ഒടുക്കുകയും ചെയ്യുന്ന ഒരാൾക്ക് പത്ര പ്രവർത്തക/പത്ര പ്രവർത്തകേതര പെൻഷൻ അനുവദിച്ചുവരുന്നു.

(സി) പത്രസ്ഥാപന ഉടമകൾ യാതൊരു വിഹിതവും അടയ്ക്കുന്നില്ല. നിരവധി ചർച്ചകൾക്ക് ശേഷവും പത്രം ഉടമകൾ ഇതിന് തയ്യാറായിട്ടില്ല.

(ഡി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷത്തിനിടയിൽ പത്ര പ്രവർത്തക/പ്രവർത്തകേതര പെൻഷൻ വിതരണത്തിനായി 16,91,47,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പത്രം ഉടമകളിൽനിന്നും യാതൊരു വിഹിതവും ലഭിച്ചിട്ടില്ല.

പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി

46 (T.5393)ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാദേശിക പത്ര പ്രവർത്തകർക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly